**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **06.02.2020-ൽ മറുപടിക്ക്**

**ചോദ്യം നം. 1414**

**തീരപ്രദേശങ്ങളുടെ വിസ്തൃതിയും കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളും**

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ.കെ.ജെ. മാക്സി :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തുള്ള തീരപ്രദേശങ്ങളുടെ വിസ്തൃതി എത്ര എന്നും ആയതിൽ കടലാക്രമണ/അതിരൂക്ഷ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശവിസ്തൃതി എത്ര എന്നും പ്രസ്തുത പ്രദേശങ്ങളിൽ എത്ര കുടുംബങ്ങൾ/എത്രപേർ താമസിക്കുന്നു എന്നും വ്യക്തമാക്കുമോ; | (എ) | കേരളത്തിന്റെ തീരപ്രദേശത്തിന് 590 കി.മീ. നീളമുണ്ട്. കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ റിപ്പോർട്ട് പ്രകാരം ഇതിൽ 215.50 കി.മീ. അതിരൂക്ഷ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശമാണ്. തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ 18,685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ താമസിക്കുന്നതായി ഫിഷറീസ് വകുപ്പ് നടത്തിയ സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രദേശങ്ങളെ വേലിയേറ്റം, വേലിയിറക്കം ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭങ്ങൾ എത്തരത്തിൽ ബാധിക്കും എന്നും ഈ സർക്കാർ കാലയളവിൽ എത്രപേർക്ക് ഇതുമൂലമുണ്ടായ ദുരന്തങ്ങൾക്കും കഷ്ടനഷ്ടങ്ങൾക്കും വിധേയരാകേണ്ട അവസ്ഥ ഉണ്ടായി എന്നും ആയതുമൂലമുണ്ടായ കഷ്ടനഷ്ടങ്ങൾ എന്തെല്ലാമെന്നും വിവരിക്കാമോ; | (ബി) | കേരളത്തിന്റെ 590 കി.മീ. ദൈർഘ്യമുള്ള പ്രദേശവും വേലിയേറ്റ വേലിയിറക്കം അനുഭവപ്പെടുന്ന മേഖലയാണ്. കടൽക്ഷോഭം മൂലം പലപ്പോഴും തീരത്തോട് ചേർന്ന് അധിവസിക്കുന്നവർക്ക് ഭവനം ഉൾപ്പെടെയുള്ള സ്ഥാവര ജംഗമ വസ്തുക്കൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന് 2016-17 വർഷം 248 കുടുംബങ്ങൾക്ക് ഭവനവും ഭൂമിയും നഷ്ടപ്പെട്ടിട്ടുണ്ട്. ഇവരെ പുനരധിവസിപ്പിക്കാൻ 25 കോടി രൂപയുടെ പ്രത്യേക പാക്കേജ് നടപ്പാക്കി. കടലോരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 1798 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 2018-19 വരെയുള്ള ഫിഷറീസ് വകുപ്പ് ബജറ്റ് വിഹിതം വിനിയോഗിച്ച് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ കടലാക്രമണം |

| | | | |
|---|---|---|---|
| | | | മൂലം ഭൂമി നഷ്ടപ്പെട്ട് സ്കൂളുകളിൽ കഴിഞ്ഞിരുന്ന തിരുവനന്തപുരം വലിയതുറയിലെ 192 കുടുംബങ്ങളെ മുട്ടത്തറ ഫ്ലാറ്റിൽ പുനരധിവസിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ കുടുംബങ്ങളെയും അടുത്ത മൂന്ന് വർഷത്തിനുള്ളിൽ പുനരധിവസിപ്പിക്കാൻ 2450 കോടി രൂപയുടെ ഒരു ബൃഹദ് പദ്ധതി 'പുനർഗേഹം' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. |
| (സി) | പ്രസ്തുത സാഹചര്യങ്ങൾ പഠനവിധേയമാക്കാനും തീരമേഖലാ നിവാസികൾക്ക് താമസവും തൊഴിലും ഉറപ്പുവരുത്താനുമായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 2016-17 'അഭയം' എന്ന പേരിൽ ഒരു പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിന് അനുമതി നൽകിയിരുന്നു. 2016 ജൂൺ-ജൂലൈയിൽ ഉണ്ടായ കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട 248 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. പദ്ധതി പ്രകാരം 129 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 117 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 750 കുടുംബങ്ങൾക്ക് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വെയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ ബി.ഐ.എഫ് & എച്ച്.ഡി.എഫ് ഭവന പദ്ധതിയിൽ തുക വകയിരുത്തിയിരുന്നു. ഈ പദ്ധതി പ്രകാരം 449 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണം ആരംഭിച്ചതിൽ 253 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഓഖിയിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷിത മേഖലയിലേയ്ക്ക് മാറി താമസിക്കുന്നതിന് 10 ലക്ഷം രൂപ വീതം |

| | | | |
|---|---|---|---|
| | | | ധനസഹായം നൽകുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 7.41 കോടി രൂപ അനുവദിച്ചിരുന്നു. ഇതിൽ 14 പേർ വകുപ്പിന്റെ മുൻ പദ്ധതിയിൽ ഉൾപ്പെട്ട് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. മാറി താമസിക്കാൻ സന്നദ്ധരായ 24 പേരിൽ 22 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും 15 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഓഖി ദുരന്തത്തിൽ മരണപ്പെട്ട/ കാണാതായവരുടെ ആശ്രിതരിൽ 32 പേർക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതവും 6 പേർക്ക് ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപ വീതവും ധനസഹായം നൽകുന്നതിന് 3.44 കോടി രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് ഇതിൽ 20 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും 3 പേർ ഭവനനിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്നവരെ പുനരധിവസിപ്പിക്കുന്നതിന് പുനർഗേഹം എന്ന പേരിൽ 2450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതി ആ വിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**